K21P 0477

Reg. No. : ..............................

Name : ..................................

# First Semester M.A. Degree (CBSS – Reg./Supple. (Including Mercy Chance)/Imp.) Examination, October 2020
## (2014 Admission Onwards)
## MALAYALAM LANGUAGE AND LITERATURE
## MAL 1C 02 : Modern Poetry

Time : 3 Hours　　　　　　　　　　　　　　　　Max. Marks : 80

I. **ഈരണ്ടു** പുറത്തിൽ കവിയാതെ **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക.

1) "തങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരു
പുരുഷനിരുന്നീടിനാനാടലോടേ". സന്ദർഭം വിശദമാക്കുക.

2) 'ചടുകയൽക്കണ്ണി തൻ കർണ്ണമൂലേ' വിവക്ഷിതം ആര് ? സന്ദർഭം ഏത് ?

3) 'അരു ഇൻപനുകമ്പ മൂന്നിനും
പൊരുളൊന്നാണിതു ജീവതാരകം'. എന്നതുകൊണ്ട് ഗുരു വിവക്ഷിക്കുന്നതെന്ത് ?

4) 'സേപിപ്പൂ പാർശ്വത്തിൽ തദ്വക്ത്രചന്ദ്രനെ
ശ്രീ വിശാഖോഡുക്കളെന്ന പോലെ'. ആരെ ? വരികളിലെ സൂചിതം എന്ത് ?

5) 'പാവനമെന്നോർത്തൊരാപ്പാരിജാതവും
പാഷാണ പാദപമായിരുന്നോ ?' – വിവക്ഷിതം വിശദമാക്കുക. **(5×4=20)**

II. **നന്നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) ചങ്ങമ്പുഴയുടെ 'ആത്മകഥാംശം ചേർന്നതാണ് 'പാടുന്ന പിശാച്' എന്ന
ഖണ്ഡകാവ്യം. സ്വാഭിപ്രായം രേഖപ്പെടുത്തുക.

**അല്ലെങ്കിൽ**

'അങ്ങനെ വെട്ടിയ മർത്ത്യൻ നേടിയ –
തഞ്ചുകാശിൻ കൈവല്യം' – ഈ വരികളിൽ ഒളിഞ്ഞിരിക്കുന്ന പുച്ഛം മാനവരാശി
യോടു മുഴുവനുമാണ്. വിശദീകരിക്കുക.

7) 'തുടുവെള്ളാമ്പൽപ്പൊയ്കയല്ല ജീവിതത്തിന്റെ
കടലേ കവിതക്കു ഞങ്ങൾക്കു മഷിപ്പാത്രം' എന്ന വൈലോപ്പിള്ളിയുടെ പ്രഖ്യാപനത്തെ
ശരിവെയ്ക്കുന്നതാണ് എൻ. വി. കൃഷ്ണവാരിയരുടെ കവിതകൾ – സ്വാഭിപ്രായം
രേഖപ്പെടുത്തുക.

**അല്ലെങ്കിൽ**

'നിഷ്ക്രിയമാം ധർമ്മഭീതി' എന്നതുകൊണ്ട് ഒ. എൻ. വി. അർത്ഥമാക്കുന്നതെന്ത് ?

P.T.O.

8) പിഞ്ചുകുഞ്ഞിന്റെ മാതൃത്വത്തിൽ നിന്നും പ്രപഞ്ചത്തിന്റെ മാതൃത്വത്തിലേക്കുള്ള വളർച്ച ബാലാമണിയുടെ കവിതകളിൽ കാണാം. ശരിയോ ?

**അല്ലെങ്കിൽ**

'കാണെക്കാണെ കൗതുകം പോയി
എല്ലാം പരിചിതമായി'. വരികളുടെ ആസ്വാദ്യത വ്യക്തമാക്കുക.

9) 'രാവിൽ പെയ്തൊരു മഴനീരോ
ചെടി തൂവിപ്പോയൊരു മിഴിനീരോ'. കവിതയും, സന്ദർഭവും വിശദമാക്കുക.

**അല്ലെങ്കിൽ**

സ്വർഗ്ഗം നഷ്ടപ്പെട്ട മനുഷ്യന്റെ, ഓണം നഷ്ടപ്പെട്ട കേരളീയന്റെ വനരോദനമാണ് 'ഇടിഞ്ഞു പൊളിഞ്ഞ ലോകം' എന്ന കവിത. സ്വാഭിപ്രായം രേഖപ്പെടുത്തുക.

10) 'ഏതൊരപമാനിതയാം പെങ്ങൾ തൻ സ്വരം', സന്ദർഭവും, സാരസ്യവും വിശദമാക്കുക.

**അല്ലെങ്കിൽ**

'കറവക്കാരൻ വരുന്നതിനു മുൻപ്
പുല്ലു തിന്നിട്ട് വരട്ടേ ഉപമകൾ'. സന്ദർഭം, സാരസ്യം എന്നിവ വിശദമാക്കുക.

**(5x6=30)**

III. ഓരോന്നും **ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) പ്രണയത്തിന്റെ കാൽപ്പനികതയേക്കാൾ, ജീവിതത്തിന്റെ പ്രായോഗികതയാണ് 'കൊച്ചുതൊമ്മ' നിൽ കാണുന്നത്. ശരിയോ ?

**അല്ലെങ്കിൽ**

'ചിന്താവിഷ്ടയായ സീത' യഥാർത്ഥത്തിൽ രാമന്റെ ദുര്യശ്ശസു മായ്ച്ചു കളയാനുള്ള ശ്രമമാണ് എന്ന എം. ലീലാവതി ടീച്ചറുടെ അഭിപ്രായത്തോടുള്ള പ്രതികരണം രേഖപ്പെടുത്തുക.

12) 'ഒരു ജാതിയില്ലുള്ളതൊന്നു താൻ
പൊരുളോർത്താലഖിലാഗമത്തിനും'. ഈ വരികളുടെ അർത്ഥം അനുകമ്പാദശകത്തെ മുൻനിർത്തി ചിന്തിക്കുക.

**അല്ലെങ്കിൽ**

ലളിതമായ നാടോടിപ്പാട്ടിന്റെ ശൈലിയിൽ എഴുതപ്പെട്ട ശക്തമായ വേദാന്തമാണ് ജാതിക്കുമ്മി. പ്രതികരണം രേഖപ്പെടുത്തുക.

13) ആത്മനിഷ്ഠതക്കാണ് വിലാപകാവ്യങ്ങൾ പ്രാധാന്യം നൽകുന്നത്. ശരിയോ ? സമർത്ഥിക്കുക.

**അല്ലെങ്കിൽ**

എസ്. ജോസഫിന്റെ 'ഏറുമാടം' എന്ന കവിതക്ക് ഒരാസ്വാദനം തയ്യാറാക്കുക.

**(3x10=30)**

---